സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 1 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## എക്സിക്യൂട്ടീവ് എക്സ്പ്രസ് ട്രെയിൻ തീപിടിത്തം

# അട്ടിമറി സാധ്യത സംശയിച്ച് റെയിൽവേ



കണ്ണൂരിൽ എക്സിക്യൂട്ടീവ് എക്സ്പ്രസിലെ തീ കെടുത്താനുള്ള അഗ്നിശമന സേനയുടെ ശ്രമം

കണ്ണൂർ: എക്സിക്യൂട്ടീവ് എക്സ്പ്രസിൽ ഉണ്ടായ തീപിടിത്തത്തിൽ അട്ടിമറി സംശയിക്കുന്നതായി റെയിൽവേ. ഒരു ബോഗി പൂർണമായും കത്തി നശിച്ച സംഭവം പുലർച്ചെ 1.45 ഓടെയാണ് ഉണ്ടായത്. കോച്ചിന്റെ ഭാഗത്തേക്ക് ഒരാൾ കാനുമായി പോകുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തിവരികയാണ് പോലിസ്. പിൻഭാഗത്തെ ജനറൽ കോച്ചിലാണ് തീപ്പിടുത്തം ഉണ്ടായത്. അഗ്നിശമന വിഭാഗം എത്തി തീ അണച്ചു. പെട്രോൾ പോലുള്ള ഇന്ധനം ഒഴിച്ച് കത്തിച്ചതായി സംശയിക്കുന്നുണ്ട്. കത്തിയത് എലത്തൂരിൽ തീ പിടിച്ച അതേ ട്രെയിൻ തന്നെയാണ്. രാത്രി കണ്ണൂരിൽ യാത്ര അവസാനിച്ചതിനു ശേഷമാണ് തീ പിടിച്ചത്. ഒന്നേകാലിന് ആണ് തീ കണ്ടതെന്ന് സംഭവത്തിന്റെ ദൃക്സാക്ഷി പറഞ്ഞു. ആദ്യം വേയ്സ്റ്റ് കത്തുന്നതാണെന്നാണ് കരുതിയത്. പാർസൽ ജീവനക്കാർ പുകയുയരുന്നത് കണ്ട് നോക്കിയപ്പോഴാണ് ട്രെയിനിന് തീ പിടിച്ചതാണെന്ന് കണ്ടെത്തിയത്. സ്റ്റേഷൻ മാസ്റ്ററോട് വിഷയം അവതരിപ്പിച്ചു. അപ്പോഴേക്കും സൈറൻ മുഴക്കി. പതിനഞ്ചു മിനിറ്റോടെ തീ ആളിപ്പടർന്നു. ആദ്യം ബാത്ത്റൂമിന്റെ സൈഡിലാണ് തീ കണ്ടത്. പിന്നീട് മുഴുവനായി കത്തുകയായിരുന്നു. അരമണിക്കൂറിനുള്ളിൽ ഫയർഫോഴ്സ് സ്ഥലത്തെത്തി തീയണച്ചു.

## വൻദുരന്തം ഒഴിവായത് തലനാരിഴയ്ക്ക്

കണ്ണൂർ: കണ്ണൂരിൽ എക്സിക്യൂട്ടിവ് എക്പ്രസിന് വീണ്ടും തീപിടിച്ച സംഭവത്തിൽ വൻദുരന്തം ഒഴിവായത് തലനാരിഴയ്ക്ക്. ട്രെയിനിൽ തീപടർന്ന് പിടച്ച കോച്ചിന് ഏകദേശം 100 മീറ്റർ അകലെയാണ് ബി.പി.സി.എല്ലിന്റെ ഇന്ധന സംഭരണകേന്ദ്രമുള്ളത്. റെയിൽവേ സ്റ്റേഷനടുത്ത് ഭാരത് പെട്രോളിയത്തിന്റെ ഡീസൽ സംഭരണ കേന്ദ്രത്തിൽ അഞ്ചിലേറെ വലിയ ടാങ്കുകളിലാണ് ഡീസൽ സംഭരിച്ചിട്ടുള്ളത്.

തീപിടിത്തത്തിൽ നിന്ന് ഏതെങ്കിലും ചെറിയ തരത്തിൽ പൊട്ടിത്തെറിയുണ്ടായിരുന്നെങ്കിൽ സംഭവിക്കുമായിരുന്ന ദുരന്തത്തിന്റെ വ്യാപ്തി കൂടുതലാവുമായിരുന്നു. ട്രെയിനിന് സമീപത്തുനിന്ന് ഡീസൽ ടാങ്കുകളിലേക്ക് ഡീസൽ നിറക്കുന്ന ട്രെയിനിൽ നിന്നുള്ള പൈപ്പുകളുണ്ട്. ഇവിടെയാണ് തീപിടിത്തമുണ്ടായത്. അഗ്നിശമന സേന പെട്ടെന്ന് തീ അണച്ചതോടെ തീ വ്യാപനം തടയുകയായിരുന്നു.

## ഡോ. വെള്ളായണി അർജ്ജുനൻ അന്തരിച്ചു



തിരുവനന്തപുരം: പ്രമുഖ ബഹുഭാഷാപണ്ഡിതനും സർവ്വവിജ്ഞാനകോശം മുൻ ഡയരക്ടറും എഴുത്തുകാരനുമായ ഡോ. വെള്ളായണി അർജ്ജുനൻ (90) അന്തരിച്ചു. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് വെള്ളായണിയിലെ കുടുംബവീട്ടിലായിരുന്നു അന്ത്യം. 2008-ൽ പത്മശ്രീ നൽകി രാജ്യം ആദരിച്ചു.

മൂന്നു ഡി.ലിറ്റ് ബഹുമതികൾ ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ്. 2015-ൽ അലിഗഢ് സർവ്വകലാശാല 'ശ്രീനാരായണ ഗുരുവിന്റെ സ്വാധീനം മലയാളസാഹിത്യത്തിൽ' എന്ന തീസീസിന് ഡി.ലിറ്റ് നൽകിയതോടെയാണ് ഈ നേട്ടം അദ്ദേഹം സ്വന്തമാക്കിയത്.

അലിഗഢ് യൂണിവേഴ്സിറ്റിയിലെ ആദ്യ മലയാളം അധ്യാപകനായിരുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷനിൽ 1975 മുതൽ 1988 വരെ ചീഫ് എഡിറ്ററായും 2001 മുതൽ 2004 വരെ ഡയറക്ടറായും പ്രവർത്തിച്ചു. സംസ്കാരം ഇന്ന് രാത്രി എട്ടിന്. ഭാര്യ: രാധാമണി.എ. മക്കൾ: ഡോ. സുപ്രിയ, സാഹിതി, ഡോ. രാജശ്രീ, ജയശങ്കർ പ്രസാദ്.

## സ്കൂളിലേക്ക് കുട്ടികളുമായി പോയ ബസ് നിയന്ത്രണംവിട്ട് മറിഞ്ഞു

പത്തനംതിട്ട: പത്തനംതിട്ടയിൽ സ്കൂൾ ബസ് മറിഞ്ഞ് അപകടം. റാന്നിയിലാണ് സംഭവം. സ്കൂൾ ബസ് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. ചെറുകുളഞ്ഞി ബഥനി ആശ്രമം സ്കൂളിലെ ബസാണ് അപകടത്തിൽപ്പെട്ടത്. റാന്നി ചോവൂർമുക്കിൽ വെച്ചാണ് ബസ് നിയന്ത്രണം വിട്ട് മറിഞ്ഞത്. അപകട സമയത്ത് എട്ട് കുട്ടികൾ ബസിലുണ്ടായിരുന്നു. നാട്ടുകാർ ഉടൻ തന്നെ രക്ഷാപ്രവർത്തനം നടത്തി. അപകടത്തിൽ കുട്ടികൾക്ക് പരുക്കുകളില്ലെന്നാണ് ലഭിക്കുന്ന വിവരം. അപകടത്തിൽ ആയയ്ക്ക് പരുക്കേറ്റിട്ടുണ്ട്.



റാന്നിയിൽ നിയന്ത്രണംവിട്ട് മറിഞ്ഞ സ്കൂൾ ബസ്

## 'വിദ്യാലയങ്ങളിൽ എല്ലാ ശനിയാഴ്ചയും പ്രവൃത്തിദിനമാക്കുന്നതിൽ പ്രശ്നമുണ്ട്'



തിരുവനന്തപുരം: വിദ്യാലയങ്ങളിൽ എല്ലാ ശനിയാഴ്ചയും പ്രവൃത്തി ദിനം ആക്കുന്നതിൽ പ്രശ്നമുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി.

202 പ്രവൃത്തി ദിനമെന്നത് വർധിപ്പിക്കും. സ്കൂളുകളിൽ ലഹരിക്കെതിരായ ക്യാമ്പയിൻ ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു. രണ്ട് മാസത്തെ വേനലവധിക്ക് ശേഷം ഇന്ന് സ്കൂളുകൾ ആരംഭിക്കുന്ന പശ്ചാത്തലത്തിലാണ് മന്ത്രിയുടെ പ്രതികരണം.

മൂന്ന് ലക്ഷത്തിലധികം കുട്ടികളാണ് പുതുതായി ഇന്ന് ഒന്നാം ക്ലാസുകളിലേക്ക് എത്തുന്നത്. വിദ്യാലയങ്ങളിൽ പ്രവേശനോത്സവത്തിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായതായി വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

മലയൻകീഴ് സ്കൂളിലാണ് സംസ്ഥാനതല പ്രവേശനോത്സവം നടക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.

## സംസ്ഥാനത്തെ ആശുപത്രികളിൽ നാളെ മുതൽ പ്രത്യേക പനി ക്ലിനിക്കുകൾ ആരംഭിക്കും: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്തെ ആശുപത്രികളിൽ നാളെ മുതൽ പ്രത്യേക പനി ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. മഴക്കാലം കണക്കിലെടുത്താണ് തീരുമാനം. താലൂക്ക് ആശുപത്രികൾ മുതലായിരിക്കും പനി ക്ലിനിക്കുകൾ ആരംഭിക്കുക. പനി വാർഡുകളും ആരംഭിക്കും. അവശ്യ മരുന്നുകളും സുരക്ഷാ ഉപകരണങ്ങളും വേണ്ടത്ര ശേഖരിച്ച് വയ്ക്കാൻ മന്ത്രി നിർദേശം നൽകി. വേനൽമഴയെ തുടർന്ന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഡെങ്കിപ്പനി നേരിയ തോതിൽ വർധനവുള്ളതിനാൽ കൂടുതൽ ശ്രദ്ധിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ഡെങ്കിപ്പനി, എലിപ്പനി, സിക്ക, ചിക്കൻഗുനിയ, കോളറ, ഷിഗല്ല, എച്ച്. 1 എൻ. 1 എന്നിവയ്ക്കെതിരേ ശ്രദ്ധ വേണം. നിലവിലെ ചികിത്സാ പ്രോട്ടോകോൾ പാലിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. എലിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനാൽ മണ്ണിൽ ജോലി ചെയ്യുന്നവരും കളിക്കുന്നവരും വെള്ളത്തിലിറങ്ങുന്നവരും നിർബന്ധമായും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കണം. തദ്ദേശ സ്ഥാപനങ്ങളുടേയും റവന്യൂ വകുപ്പിന്റേയും പങ്കാളിത്തം ഉറപ്പാക്കും. വീടും സ്ഥാപനവും പരിസരവും വൃത്തിയായി സൂക്ഷിക്കണം. വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം ഉണ്ടാകരുത്. വീട്ടിൽ അകത്തും പുറത്തും വെള്ളം കെട്ടി നിർത്തരുത്. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. നിപ വൈറസ് പ്രതിരോധം ജില്ലകൾ ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി.

## ഫിക്കി മിഡിൽ ഈസ്റ്റ് ചെയർമാനായി അദീബ് അഹമ്മദിനെ നിയമിച്ചു



കൊച്ചി: ഇന്ത്യയുടെ വാണിജ്യ-വ്യവസായ ചേംബറുകളുടെ ഫെഡറേഷനായ ഫിക്കിയുടെ മിഡിൽ ഈസ്റ്റ് ചെയർമാനായി ലുലു ഫിനാൻഷ്യൽ ഹോൾഡിങ്സിന്റെ മാനേജിങ് ഡയരക്ടർ അദീബ് അഹമ്മദിനെ നിയമിച്ചു. ഇന്ത്യയും വിവിധ ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള വ്യാപാരവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായതാണ് ഫിക്കി മിഡിൽ ഈസ്റ്റ് കൗൺസിൽ. ഡൽഹിയിൽ കഴിഞ്ഞദിവസം നടന്ന ഫിക്കി മീഡിൽ ഈസ്റ്റ് കൗൺസിലിന്റെ ആറാമത്തെ യോഗത്തിലാണ് അദീബ് അഹമ്മദിനെ ചെയർമാനായി തെരഞ്ഞെടുത്തത്.

## പെരിന്തൽമണ്ണ തെരഞ്ഞെടുപ്പ് കേസ്: തപാൽ ബാലറ്റ് പെട്ടിയിൽ കൃത്രിമം നടന്നതായി തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട്

പെരിന്തൽമണ്ണ: പെരിന്തൽമണ്ണ തെരഞ്ഞെടുപ്പ് കേസിൽ തപാൽ ബാലറ്റുകളടങ്ങിയ പെട്ടികളിൽ കൃത്രിമം നടന്നതായി തെരഞ്ഞെടുപ്പ് കമ്മീഷൻ. ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് കമ്മീഷൻ ഇക്കാര്യം വ്യക്തമാക്കിയത്. അഞ്ചാം ടേബിളിൽ എണ്ണിയ 482 സാധുവായ ബാലറ്റുകളാണ് കാണാതായത്. നാലാം ടേബളിലെ അസാധുവായ ബാലറ്റുകളുടെ ഒരു പാക്കറ്റിന്റെ പുറത്തുള്ള കവർ കീറിയ നിലയിലാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു.

ഉദ്യോഗസ്ഥർ ബാലറ്റുകൾ സൂക്ഷിച്ചത് സുരക്ഷിതമല്ലാത്ത രീതിയിലാണെന്നും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയെന്നും കമ്മീഷൻ കോടതിയെ അറിയിച്ചു. യു.ഡി.എഫ് സ്ഥാനാർഥി നജീബ് കാന്തപുരത്തിന്റെ വിജയം ചോദ്യം ചെയ്ത് ഇടത് സ്ഥാനാർഥി കെ.പി.എം മുസ്തഫയാണ് ഹൈക്കോടതിയെ സമീപിച്ചത്.

## കശ്മീരിൽ അതിർത്തി വഴി നുഴഞ്ഞുകയറാനുള്ള ശ്രമം; പാക് നുഴഞ്ഞുകയറ്റക്കാരനെ വധിച്ച് സൈന്യം

ജമ്മുകശ്മീർ: ജമ്മുകശ്മീരിലെ രാജ്യാന്തര അതിർത്തി വഴി നുഴഞ്ഞുകയറാനുള്ള പാക് ഭീകരന്റെ ശ്രമം ബി.എസ്.എഫ് തകർത്തു. നുഴഞ്ഞുകയറ്റക്കാരനെ സൈനികർ വധിച്ചു. പുലർച്ചെ 2.50ഓടെ സാംബ മേഖലയിലെ മംഗുചാക് ബോർഡർ ഔട്ട് പോസ്റ്റിലാണ് സംഭവം. മുന്നറിയിപ്പ് അവഗണിച്ച് ഇന്ത്യ-പാക് അതിർത്തിയിലെ വേലി നുഴഞ്ഞുകയറാൻ ശ്രമിച്ചയാൾക്ക് നേരെ സൈനികർ വെടിയുതിർക്കുകയായിരുന്നു.

## വേഷം മാറിയെത്തിയ മരുമകൾ ഭർതൃമാതാവിനെ ക്രൂരമായി കൊലപ്പെടുത്തി

തിരുനെൽവേലി: വേഷം മാറിയെത്തിയ മരുമകൾ ഭർതൃമാതാവിനെ ക്രൂരമായി കൊലപ്പെടുത്തി. തിരുനെൽവേലിയിലാണ് സംഭവം. മകന്റെ വേഷത്തിലാണ് മരുമകൾ കൊലപാതകത്തിനായി എത്തിയത്. കുടുംബ പ്രശ്നത്തെ തുടർന്ന് വീട് മാറി താമസിച്ചിട്ടും പ്രശ്നം അവസാനിക്കാത്തതിലാണ് കൊലപാതകം നടന്നത്. തിങ്കളാഴ്ച രാവിലെയാണ് തലയിൽ നിന്ന് രക്തം ഒഴുകുന്ന രീതിയിൽ സീതാ ലക്ഷ്മിയെ വീട്ടിൽ നിന്ന് കണ്ടെത്തിയത്. ഇരുമ്പ് വടികൊണ്ടുള്ള മർദനത്തിലാണ് സീതാ ലക്ഷ്മിയുടെ തല തകർന്നത്. അവശനിലയിലായിരുന്ന ഇവരെ ഭർത്താവ് ഷൺമുഖ വേൽ സർക്കാർ ആശുപത്രിയിലെത്തിച്ചിരുന്നു. എന്നാൽ ഗുരുതരമായി പരുക്കേറ്റ ഇവർ ചൊവ്വാഴ്ച വൈകുന്നേരത്തോടെ മരിച്ചു.വീട്ടിലുണ്ടായിരുന്ന സി.സി.ടി.വി ദൃശ്യങ്ങളാണ് കേസിൽ നിർണായകമായത്. സീതാ ലക്ഷ്മിയുടെ ഭർത്താവ് തൊഴുത്തിലേക്ക് പോയ തക്കത്തിൽ



സീതാ ലക്ഷ്മി, മഹാലക്ഷ്മി

വീട്ടിലേക്ക് ഇരുമ്പ് പൈപ്പുമായി ട്രാക്ക് സ്യൂട്ടും ഹെൽമെറ്റും ധരിച്ചൊരാൾ കയറുന്നതും പെട്ടെന്ന് തന്നെ പുറത്തേക്ക് ഇറങ്ങുന്നതും സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്. പിന്നാലെ ഭാര്യയുടെ നിലവിളി കേട്ട് തൊഴുത്തിൽ നിന്ന് ഷൺമുഖ വേൽ എത്തുമ്പോൾ മരുമകൾ മഹാലക്ഷ്മിയും സഹായിക്കാൻ എത്തിയിരുന്നു. അമ്മായിഅമ്മയുടെ മാല തട്ടിപ്പറിക്കാനുള്ള ശ്രമത്തിനിടെ മോഷ്ടാക്കളാണ് ആക്രമിച്ചതെന്ന് അന്വേഷണത്തിന്റെ ആദ്യഘട്ടങ്ങളിൽ മഹാലക്ഷ്മി പോലിസിനോട് പറഞ്ഞിരുന്നു. മഹാലക്ഷ്മിയും സീതാലക്ഷ്മിയും നിരന്തരമായി കലഹിക്കാറുണ്ടെന്നും വീട് മാറേണ്ട സാഹചര്യം വരെ ഉണ്ടായെന്നും അയൽവാസികൾ പോലിസിനോട് പറഞ്ഞു. തുടർന്ന് പോലിസ് നടത്തിയ അന്വേഷണത്തിലാണ് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിക്കുന്നത്. സ്വത്ത് കാര്യങ്ങളിൽ ഉണ്ടായ തർക്കമാണ് കൊലപാതകത്തിന്റെ കാരണമെന്നാണ് പോലിസ് വിലയിരുത്തൽ. മഹാലക്ഷ്മിയെ പോലിസ് അറസ്റ്റ് ചെയ്തു.



കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന തീരദേശ പരിപാലന അതോറിറ്റി പബ്ലിക് ഹിയറിംഗ്



ബഹ്റൈൻ ഇടതുപക്ഷ കൂട്ടായ്മ ബിനോയ് വിശ്വം എം.പിക്ക് സ്വീകരണം നൽകിയപ്പോൾ

## ബഹ്റൈൻ ഇടതുപക്ഷ കൂട്ടായ്മ ബിനോയ് വിശ്വം എം.പിക്ക് സ്വീകരണം നൽകി

മനാമ: ബഹ്റൈനിലെ ഇടതുപക്ഷ പുരോഗമന കൂട്ടായ്മയായ 'ഒന്നാണ് കേരളം ഒന്നാമതാണ് കേരളം' ബിനോയ് വിശ്വം എം.പിക്ക് പ്രതിഭ ഓഫീസിൽ വെച്ച് സ്വീകരണം നൽകി. പ്രവാസി കമ്മീഷനംഗം സുബൈർ കണ്ണൂർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹ്റൈൻ ഒ.എൻ.സി.പി പ്രസിഡന്റ് എഫ്.എം ഫൈസൽ ബൊക്കെ നൽകി സ്വീകരിച്ചു. ഇന്ത്യയിൽ നിലനിൽക്കുന്ന മതേതരത്വത്തെ പൂർണമായും തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും രീതിയുമാണ് കേന്ദ്ര സർക്കാർ തുടരുന്നതെന്നും ഇത്തരമൊരു പ്രതിസന്ധിയിൽ ഇടതുമതേതര പുരോഗമന സംഘടനകളുടെ ഐക്യവും ശക്തിയും വളരെ പ്രാധാന്യമേറിയതാണെന്നും ബിനോയ് വിശ്വം മറുപടി പ്രസംഗത്തിൽ പറഞ്ഞു. ലോകകേരള സഭാംഗങ്ങളായ സി.വി നാരായണൻ, ഷാജിമുതല, സാമൂഹ്യപ്രവർത്തകൻ കെ.ടി.സലീം പ്രതിഭ പ്രസിഡന്റ് അഡ്വ.ജോയ് വെട്ടിയാടൻ, സെക്രട്ടറി പ്രദീപ പത്തേരി, നവകേരള വേദി നേതാവ് എസ്.വി ബഷീർ എന്നിവർ ആശംസകളർ നേർന്ന് സംസാരിച്ചു.

# മോദി ഇന്ത്യയെ മനുവാദികളുടെ രാജ്യമാക്കാൻ ശ്രമിക്കുന്നു: സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ

കോയമ്പത്തൂർ: ഇന്ത്യയെ മനുവാദികളുടെ രാജ്യമാക്കി മോദി മാറ്റാൻ ശ്രമിക്കുകയാണെന്ന് സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ ദേശീയ പ്രസിഡന്റ് അഡ്വ. തമ്പാൻ തോമസ്. പുതിയ പാർലമെന്റ് കെട്ടിട ഉദ്ഘാടന ചടങ്ങിൽ പാർലമെന്റിന്റെ അധ്യക്ഷയായ രാഷ്ട്രപതിയെ പോലും ഒഴിവാക്കി സവർണ സന്യാസിമാരെ സഭയ്ക്കകത്തു കൊണ്ടുവന്നു പൂജ ചെയ്യിച്ചു പാദ പ്രണാമം ചെയ്തു മോദി. മതേതര രാഷ്ട്രമാണെന്ന് എഴുതിവെച്ച ഭരണഘടന നിലവിലുള്ള രാജ്യത്താണ് സവർണ ഹിന്ദു സന്യാസിമാരിൽ നിന്ന് അധികാരത്തിന്റെ പ്രതീകമാണെന്ന് അവകാശപെട്ടുകൊണ്ട് ചെങ്കോൽ സ്വീകരിച്ചത്. ദളിത് വിഭാഗത്തിൽ പെട്ട ആൾ ആയത് കൊണ്ടാണോ രാഷ്ട്രപതിയെ ഒഴിവാക്കിയത് എന്ന് ബി.ജെ.പി വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ സംസ്ഥാന നേതൃ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. റാം മോഹൻ അധ്യക്ഷത വഹിച്ച യോഗത്തിൽ തമിഴ്നാടിന്റെ ചുമതലയുള്ള ദേശീയ ജനറൽ സെക്രട്ടറി ഷെയ്ഖ് നൂർ ഉൽ ആമീൻ, ദേശീയ വക്താവ് മനോജ് ടി. സാരംഗ്, കേരള സംസ്ഥാന ജനറൽ സെക്രട്ടറി ടോമി മാത്യു, കോവൈ സുന്ദർ, ആർ. നാഗേന്ദ്രൻ, കർണാടക സംസ്ഥാന ജനറൽ സെക്രട്ടറി ഡി. ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.




സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ സംസ്ഥാന നേതൃ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന അഡ്വ. തമ്പാൻ തോമസ്

# എസ്.എ പുതിയ വളപ്പിൽ മെമ്മോറിയൽ അവാർഡ് പ്രത്യാശ പേരാമ്പ്രക്ക്

കോഴിക്കോട്: ചാലിക്കരയിൽ പ്രവർത്തിക്കുന്ന മില്ലത്ത് എജ്യുക്കേഷണൽ ആന്റ് റിലീഫ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഐ.എൻ.എൽ സംസ്ഥാന പ്രസിഡന്റായിരുന്ന എസ്.എ പുതിയ വളപ്പിലിന്റെ സ്മരണാർഥം നൽകുന്ന എസ്.എ പുതിയ വളപ്പിൽ മെമ്മോറിയൽ അവാർഡ് പ്രത്യാശ പേരാമ്പ്രക്ക് ലഭിച്ചു. മില്ലത്ത് എജ്യുക്കേഷണൽ ആന്റ് റിലീഫ് സൊസൈറ്റി പ്രസിഡന്റ് കെ.പി ആലികുട്ടി മാസ്റ്റർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

നൊച്ചാട്ട്ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാരദ പട്ടേരിക്കണ്ടി ഉദ്ഘാടനം നിർവഹിച്ചു. കുടുംബശ്രീ സർഗം ജില്ലാതലത്തിലെ വിജയി സന്ധ്യ വെള്ളിയൂരിന് ഗ്രാമപഞ്ചായത്ത് മെമ്പർ ലിമ പാലയാട്ട് ഉപഹാരം നൽകി. എസ്.എസ്.എൽ.സി പരീക്ഷയിൽ



പ്രത്യാശ പേരാമ്പ്രക്ക് എസ്.എ പുതിയ വളപ്പിൽ അവാർഡ് നൊച്ചാട്ട്ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാരദ പട്ടേരിക്കണ്ടി നൽകുന്നു

ഫുൾ എ പ്ലസ് നേടിയ ദിൽഹാ റഫീഖ്, ഹാദി എസ്. മുഹമ്മദ് എന്നിവരെ മുൻ പഞ്ചായത്ത് മെമ്പർ എസ്.കെ അസൈനാർ ഉപഹാരം നൽകി അനുമോദിച്ചു. പി.വിജയൻ മാസ്റ്റർ, ആതിര ബാലൻ നായർ, കെ.എം നാരായണൻ, എ.മുഹമ്മദലി മാസ്റ്റർ, കെ. അബൂബക്കർ മാസ്റ്റർ, സി. അമ്മൂട്ടി, സി.അബ്ദുറഹ്മാൻ , പ്രസന്നൻ മാസ്റ്റർ തുടങ്ങിയവർ ആശംസകൾ നേർന്നു. അവാർഡിന് മറുമൊഴി നൽകി. രജീഷ് മാസ്റ്ററും യുവ കവയത്രി സന്ധ്യയും കവിത ആലപിച്ചു. സൊസൈറ്റി ജനറൽ സെക്രട്ടറി കരിം പിലാക്കി സ്വാഗതം പറഞ്ഞു.

# സാഹിത്യ – മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

തലശ്ശേരി: കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2021 ലെ വി.വി.കെ സാഹിത്യ പുരസ്ക്കാര ജേതാവിനെയും ഐ.വി ദാസ് മാധ്യമ പുരസ്ക്കാര ജേതാവിനെയുംപ്രഖ്യാപിച്ചു. വി.വി.കെ സാഹിത്യ പുരസ്ക്കാരത്തിന് എ.പി ജ്യോതിർമയി അർഹയായി. നോവൽ സാഹിത്യ രംഗത്ത് ജ്യോതിർമയി നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്ക്കാരത്തിനായി തെരഞ്ഞെടുത്തത്. 16 നോവലുകളും മൂന്ന് ചെറുകഥാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 50,000 രൂപയും പൊന്ന്യംചന്ദ്രൻ രൂപകൽപന ചെയ്ത ശിൽപവും വാസവൻ പയ്യട്ടത്തിന്റെ കൊളാഷ് പെയിന്റിംഗും അടങ്ങുന്നതാണ് അവാർഡ്. 2021 ലെ ഐ.വി ദാസ് മാധ്യമ പുരസ്ക്കാരത്തിന്ന് പ്രമുഖ മാധ്യമ പ്രവർത്തകൻ ടി.എം ഹർഷൻ തെരഞ്ഞെടുക്കപ്പെട്ടു. 25,000 രൂപയും ശിൽപവും അടങ്ങുന്നതാണ് പുരസ്ക്കാരം. കഴിഞ്ഞ 20 വർഷത്തിലേറെയായി ടെലിവിഷൻ ഓൺലൈൻ മാധ്യമ രംഗത്ത് പ്രവർത്തിക്കുകയാണ് ഹർഷൻ. 2021 മുതൽ സ്വതന്ത്ര മാധ്യമ സംരഭമായ ട്രൂ കോപ്പി തിങ്കിന്റെ അസോസിയേറ്റ് എഡിറ്ററും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുമാണ്. സംസ്ഥാന സർക്കാരിന്റെ മാധ്യമ അവാർഡും ലഭിച്ചിട്ടുണ്ട്. ഈമാസം പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്ന് അവാർഡ് സമിതി ചെയർമാൻ കാരായി രാജൻ പറഞ്ഞു. കതിരൂർ സർവീസ് സഹകരണ ബാങ്കിൽ നടന്ന വാർത്താ സമ്മേളനത്തിൽ ബാങ്ക് പ്രസിഡന്റ് ശ്രീജിത്ത് ചോയൻ, സെക്രട്ടറി പി.എം ഹേമലത, രാജ കുറുപ്പ്, പൊന്ന്യം ചന്ദ്രൻ, കാടയത്ത് പ്രകാശൻ, പി. പ്രസന്നൻ, നഫീസത്തുൽ മിസ്രിയ തുടങ്ങിയവർ പങ്കെടുത്തു.



ടി.എം ഹർഷൻ, എ.പി ജ്യോതിർമയി



ജൂനിയർ സൂപ്രണ്ട് എൻ. വിനോദന് പ്രസിഡന്റ് വി.വി മുഹമ്മദലി ഭരണ സമിതിയുടെ ഉപഹാരം നൽകുന്നു

## നാദാപുരം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് എൻ. വിനോദന് യാത്രയയപ്പ് നൽകി

നാദാപുരം: ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് എൻ. വിനോദൻ 21 വർഷത്തെ സേവനത്തിന് ശേഷം സർവീസിൽ നിന്ന് വിരമിച്ചു. പയ്യോളി സ്വദേശിയായ വിനോദൻ ഒന്നര വർഷമായി നാദാപുരത്ത് ജോലി ചെയ്തു വരികയായിരുന്നു. പഞ്ചായത്തിൽ വച്ച് നടന്ന യാത്രയയപ്പ് യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഭരണ സമിതിയുടെ ഉപഹാരം നൽകി.

ജീവനക്കാരുടെ ഉപഹാരം പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് നൽകി. സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ ,ജനീധാ ഫിർദൗസ് ,അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ , സുപ്രണ്ട് ബിന്ദു ജോസഫ് , ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു എന്നിവർ സംസാരിച്ചു. വിനോദൻ മറുപടി പ്രസംഗം നടത്തി. ഇദ്ദേഹം തുറയ്യൂർ , നൊച്ചാട് , താനൂർ , അരീകുളം , മുളകുന്നത്ത് കാവ് , തിരൂരങ്ങാടി , കൂരാചുണ്ട് , വലിയപറമ്പ് , അരീകുളം , താമരശ്ശേരി ഉൾപ്പെടയുള്ള പഞ്ചായത്തുകളിൽ ജോലി ചെയ്തിട്ടുണ്ട്.

# ശ്രീരഞ്ജിനി കലാക്ഷേത്രം വാർഷികാഘോഷം; 'ആനന്ദ നടനം' നടത്തി

മാഹി: ശ്രീരഞ്ജിനി കലാക്ഷേത്രം 21ാം വാർഷികാഘോഷം 'ആനന്ദ നടനം' കണ്ണൂർ മുൻസിപ്പൽ വൊക്കേഷനൽ ഹയർ സെക്കന്ററി സ്ക്കൂളിൽ വെച്ച് നടന്നു. കടന്നപ്പള്ളി രാമചന്ദ്രൻ എം.എൽ.എ യുടെ അധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനം കണ്ണൂർ കോർപറേഷൻ മേയർ അഡ്വക്കറ്റ് ടി.ഒ.മോഹനൻ ഉദ്ഘാടനം ചെയ്തു.

കലൈമാമണി പ്രിയ രഞ്ജിത്ത് (കലാക്ഷേത്ര പ്രിൻസിപ്പാൾ), കലൈമാമണി കലാമണ്ഡലം വിചിത്ര , സി. രഘുനാഥ് , കെ.പി.ജയബാലൻ മാസ്റ്റർ, കലൈമാമണി രേണുക വേണുഗോപാൽ, നൃത്ത ആചാര്യ അജിത ചന്ദ്രൻ , രഞ്ജിത്ത് എം.ജി (ഡയരക്ടർ), ദീപക് പി.ആർ, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഞാറ്റ്യേല ശ്രീധരൻ ( ചതുർഭാഷാ നിഘണ്ടു രചയിതാവ് ), കലൈമാമണി ആർട്ടിസ്റ്റ് പ്രേം , നൃത്ത ആചാര്യ ടി.പി സുന്ദരൻ മാസ്റ്റർ തുടങ്ങിയവരും പങ്കെടുത്തു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിച്ചു. തുടർന്ന് ശ്രീരഞ്ജിനി കലാക്ഷേത്രത്തിൽ പഠിക്കുന്ന എൽ.കെ.ജി ക്ലാസിലെ കുട്ടികൾ മുതൽ നൃത്ത അധ്യാപികമാരും മുതിർന്ന വീട്ടമ്മമാരും വരെ പങ്കെടുത്ത് പുതുച്ചേരിയിൽ വെച്ച് ലോകറിക്കാർഡ് നേടിയ 'ആനന്ദ താണ്ഡവം 'ഉൾപ്പെടെ 18 നൃത്തരൂപങ്ങൾ അടങ്ങിയ 'ആനന്ദ നടനം ' അരങ്ങേറി.




ആനന്ദ നടനം' പരിപാടിയുടെ ഉദ്ഘാടനം കണ്ണൂർ കോർപറേഷൻ മേയർ അഡ്വ. ടി.ഒ.മോഹനൻ നിർവഹിക്കുന്നു

# സർട്ടിഫിക്കറ്റ് വിതരണം നടത്തി

കോഴിക്കോട്: കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് വേനൽ അവധികാലത്ത് കാലത്ത് സംഘടിപ്പിച്ച അത്ലറ്റിക്സ്, ബോക്സിങ്, നീന്തൽ ക്യാമ്പുകളിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരിത.എ നിർവഹിച്ചു. ലോക കേരളസഭാംഗമായ ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി.കെ കബീർ സലാല, ദേശീയ അത്ലറ്റിക് താരം അനസ് എന്നിവർ മുഖ്യാതിഥികളായി. അത്ലറ്റിക്സ് പരിശീലകൻ ഇബ്രാഹിം ചീനിക്ക, ബോക്സിങ് പരിശീലകൻ നിഖിൽ ഘോഷ്, നീന്തൽ പരിശീലക ശിവാനി.കെ, പുണ്യ കീർത്തി, കൃഷ്ണ.കെ എന്നിവരെ ചടങ്ങിൽ ആദരിച്ചു. സിന്ധു പ്രദോഷ്, കെ. ചന്ദ്രൻ മാസ്റ്റർ, എം. ജയപ്രകാശൻ, ടി.കെ മീന, അബ്ദുള്ള അരിയിൽ, ഷൈജു പറമ്പടം, പി. അനിൽ കുമാർ, സി. മുരളീധരൻ, പി.ടി സുരേഷ്, ടി.വി പ്രബിത കുമാരി എന്നിവർ ആശംസകൾ നേർന്നു. എം.കെ ലിനി അധ്യക്ഷത വഹിച്ച ചടങ്ങിൽ യു.പി സോമനാഥൻ സ്വാഗതവും പി. സുധീഷ് നന്ദിയും പറഞ്ഞു.



അത്ലറ്റിക്സ്, ബോക്സിങ്, നീന്തൽ ക്യാമ്പുകളിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരിത.എ നിർവഹിച്ചപ്പോൾ

## ഫോസ ഖത്തർ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപനം നാളെ

ദോഹ: മലബാറിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ ദിശാബോധം നൽകി ചടുലമായ മുന്നേറ്റങ്ങളിലൂടെ മുന്നിൽ നിന്ന് നയിച്ച് കൊണ്ടിരിക്കുന്ന ഫാറൂഖ് കോളേജ് അതിന്റെ 75ാം വാർഷികം (പ്ലാറ്റിനം ജൂബിലി ) ആഘോഷിക്കുന്നതിന്റെ ഭാഗമായി ഖത്തറിലെ ഫാറൂഖ് കോളേജ് പൂർവ വിദ്യാർഥി സമൂഹം ഫോസ ഖത്തർ 75 ദിവസങ്ങൾ നീണ്ടു നിന്ന വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്.

പരിപാടിയുടെ സമാപനം ജൂൺ രണ്ട് വെള്ളിയാഴ്ച വൈകീട്ട് ഏഴ് മണിക്ക് ക്രിസ്റ്റൽ പാലസ് ഹോട്ടലിൽ വെച്ച് നടക്കും. കലാപരിപാടികളും വിവിധ മത്സരങ്ങളും പരിപാടിയുടെ ഭാഗയായി നടക്കും. 75 ദിന പരിപാടികളുടെ ഭാഗമായി സീനിയേഴ്സ് മീറ്റ്, എജ്യുക്കേഷൻ പ്രോഗ്രാം, മെഡിക്കൽ ക്യാമ്പ്, ഇഫ്താർ മീറ്റ്, സൗഹൃദ സംഗമം, വിവിധ കാലയളവുകളിൽ പഠിച്ചിറങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത ഫോസ ലെജന്റ്സ് റൂട്ട്സ്, ഹെന്ന ഡിസൈൻ മത്സരം, കുക്കറി മത്സരം, യോഗ-സുംബ സെഷൻ, റീൽസ്-ഡ്രോയിംഗ് തുടങ്ങി വിവിധങ്ങളായ ആഘോഷ പരിപാടികൾ നടത്തിയിട്ടുണ്ട്.ഖത്തറിലെ എല്ലാ ഫോസ അംഗങ്ങളും പരിപാടിയിൽ സമാപന ചടങ്ങിൽ പങ്കെടുക്കണമെന്ന് ഫോസ ഖത്തർ പ്രസിഡന്റ് അസ്കർ റഹിമാൻ, ഓർഗനൈസിംഗ് കമ്മറ്റി ചെയർമാൻ മഷ്ഹൂദ് തിരുത്തിയാട് എന്നിവർ അറിയിച്ചു. പരിപാടിയുടെ വിജയത്തിനായി ചേർന്ന യോഗത്തിൽ പ്രസിഡന്റ് അസ്കർ റഹ്മാൻ അധ്യക്ഷത വഹിച്ചു. ഓർഗനൈസിംഗ് കമ്മറ്റി ചെയർമാൻ മശ്ഹൂദ് വിസിറ്റി പരിപാടികളെപ്പറ്റി വിശദീകരിച്ചു. ഷമീർ കൊയപ്പത്തൊടി, സുനിത, നസീഹ മജീദ്, അദീബ ജിഹാൻ, ഫിറോസ് പി.ടി, റഷീദ് അഹ്മദ്, ബഷീർ അഹ്മദ്, ഹാരിസ്, റഊസ്, സി.പി അഷ്റഫ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.




ക്യാൻസറിനെ അതിജീവിച്ച കുട്ടികളുടേയും കുടുംബങ്ങളുടേയും സംഗമം 'ടുഗെതർ വിത്ത് ഹോപ്പ് 2023' പരിപാടിയിൽ സംസാരിക്കുന്ന ജില്ലാകലക്ടർ എ.ഗീത ഐ.എ.എസ്

## ക്യാൻസറിനെ അതിജീവിച്ച് 'ബാഗ് ഓഫ് ജോയ്'യുമായി വിദ്യാർഥികൾ സ്കൂളിലേക്ക്...

കോഴിക്കോട്: ഹോപ്പിന്റെ സഹായത്തോടെ ക്യാൻസറിനെ അതിജീവിച്ച് തുടർ പഠനത്തിന് തയാറായ കുട്ടികളും നാളെ സ്കൂളിലേക്ക്. വെള്ളിപ്പറമ്പ് ഹോപ്പ് ഹോമിൽ നടന്ന ചടങ്ങിൽ കുട്ടികൾക്കുള്ള സ്കൂൾ കിറ്റ് 'ബാഗ് ഓഫ് ജോയ്' ജില്ലാകലക്ടർ എ.ഗീത ഐ.എ.എസ് കുട്ടികൾക്ക് കൈമാറി. ക്യാൻസറിനെ അതിജീവിച്ച കുട്ടികളുടേയും കുടുംബങ്ങളുടേയും സംഗമം 'ടുഗെതർ വിത്ത് ഹോപ്പ് 2023' പരിപാടിയുടെ ഭാഗമായി നടന്നു. ചികിത്സയിലിരിക്കെ എസ്.എസ്.എൽ.സി , പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികളെ അനുമോദിച്ചു. രക്ഷിതാക്കൾക്കുള്ള പേരന്റിങ് ക്ലാസിന് ലൈഫ് കോച്ച് ട്രൈനേഴ്സ് അജ്മൽ കാരക്കുന്ന്, അമീൻ കാരക്കുന്ന് എന്നിവർ നേതൃത്വം നൽകി. കൂടാതെ ക്യാൻസറിനെ അതിജീവിച്ച കുട്ടികളുടെ കലാപരിപാടികളും നടന്നു. പരിപാടിയിൽ ഹോപ്പ് ഡയരക്ടർ റിയാസ് കിൽട്ടൻ, ചെയർമാൻ കെ.കെ ഹാരിസ്, ഡോ. യാമിനി കൃഷ്ണ, ഡോ. കേശവൻ, ഡോ.ഷിന്റോ തുടങ്ങിയവർ പങ്കെടുത്തു.

# ബേപ്പൂർ – യു.എ.ഇ സെക്ടറിൽ യാത്രാ കപ്പൽ സർവീസ് ആരംഭിക്കാൻ യോജിച്ച് പ്രവർത്തനം നടത്തും: മന്ത്രി അഹമ്മദ് ദേവർകോവിൽ

തിരുവനന്തപുരം: ബേപ്പൂർ -ഗൾഫ് സെക്ടറിൽ ആദ്യം ചാർട്ടേഡ് യാത്ര കപ്പൽ സർവീസും, തുടർന്ന് സ്ഥിരം സർവീസുമാരംഭിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിച്ച് ഊർജിത പ്രവർത്തനം നടത്തുമെന്ന് തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. മലബാർ ഡെവലപ്മെന്റ് കൗൺസിലും കേരള മാരിടൈം ബോർഡും സംയുക്തമായി തിരുവനന്തപുരം ടെറസ് ഹോട്ടൽ കോൺഫറൻസ് ഹാളിൽ ചേർന്ന വിമാന, കപ്പൽ-കമ്പനി പ്രതിനിധികളുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഘോഷ അവധിവേളകളിലെ അമിത വിമാന നിരക്ക് നിയന്ത്രിക്കാൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല. ഇതുമൂലം സാധാരണ വിമാന യാത്രക്കാർ ദുരിതത്തിലും ആശങ്കയിലും ആണ്. എത്രയും വേഗം ഇതിനൊരു പരിഹാരം കാണുന്നതിനു വേണ്ടിയാണ് യോഗം വിളിച്ചു ചേർത്തത്. ഈ ആവശ്യത്തിന് വളരെ അനുകൂലമായ നിലപാടാണ് മുഖ്യമന്ത്രിയും തുറമുഖ, ടൂറിസം മന്ത്രിമാരും മാരിബോർഡ് ചെയർമാനും നോർക്ക ജനറൽ മാനേജറും സ്വീകരിച്ചത്. കോഴിക്കോട്, കായംകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ബന്ധപ്പെട്ടവരുടെ യോഗം കഴിഞ്ഞ ദിവസങ്ങളിൽചേർന്ന് ആവശ്യകതയും സാധ്യതയും മനസ്സിലാക്കിയാണ് തിരുവനന്തപുരത്ത് യോഗം നടത്തിയത്. യോഗത്തിൽ കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ് പിള്ള അധ്യക്ഷത വഹിച്ചു.




മലബാർ ഡെവലപ്മെന്റ് കൗൺസിലും കേരള മാരിടൈം ബോർഡും സംയുക്തമായി തിരുവനന്തപുരം ടെറസ് ഹോട്ടൽ കോൺഫറൻസ് ഹാളിൽ ചേർന്ന വിമാന, കപ്പൽ-കമ്പനി പ്രതിനിധികളുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മന്ത്രി അഹമ്മദ് ദേവർകോവിൽ

മലബാർ ഡെവലപ്മെന്റ് കൗൺസിൽ പ്രസിഡന്റ് ഷെവലിയാർ സി.ഇ ചാക്കുണ്ണി വിഷയം അവതരിപ്പിച്ചു. കൗൺസിൽ ജനറൽ സെക്രട്ടറി അഡ്വ. എം.കെ അയ്യപ്പൻ മന്ത്രിയെ പൊന്നാട അണിയിച്ച് ചടങ്ങിൽ ആദരിച്ചു. നോർക്ക റൂട്ട്സ് ജനറൽ മാനേജരും സർക്കാർ അഡിഷനൽ സെക്രട്ടറിയുമായ അജിത് കൊളശ്ശേരി, കേരള മാരിടൈം ബോർഡ് മെമ്പർ അഡ്വ. സുനിൽ ഹരീന്ദ്രൻ, തുറമുഖ ഡെപ്യൂട്ടി ഡയരക്ടർ അശ്വിനി പ്രതാപ്, ബേപ്പൂർ പോർട്ട് ഓഫീസർ ക്യാപ്റ്റൻ സിജോ ഗോർഡസ്. ബേബി കിഴക്കുഭാഗം, കപ്പൽ വിമാന കമ്പനി പ്രതിനിധികളായ മുരുകൻ വാസുദേവൻ, സുദർശൻ.പി, അലക്സാം ക്രിസ്തുമസ്, സുരേഷ് കുമാർ.പി, മിനി വിശ്വനാഥ് എന്നിവർ പങ്കെടുത്തു. എം.ഡി.സി വൈസ് പ്രസിഡന്റ് സുബൈർ കൊളക്കാടൻ സ്വാഗതവും മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ടി.പി സലീംകുമാർ ഐ.ആർ.എസ് നന്ദിയും പറഞ്ഞു.

# ബാലറ്റ് പേപ്പർ പുനഃസ്ഥാപിക്കണം; ഒപ്പുശേഖരണം വിജയിപ്പിച്ച കോഴിക്കോടിന് നന്ദി: തൃശൂർ നസീർ

കോഴിക്കോട്: ബാലറ്റ് പേപ്പർ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ ഒപ്പുശേഖരണത്തിന് കോഴിക്കോട്ടെ ജനങ്ങൾ വലിയ പിന്തുണയാണ് നൽകിയതെന്നും രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയ സത്യസന്ധമായിരിക്കണമെന്നാഗ്രഹിക്കുന്നവരാണ് കോഴിക്കോട്ടുക്കാരെന്നും ക്യാമ്പയിൻ വിജയിപ്പിച്ചവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നുവെന്നും തൃശൂർ നസീർ പറഞ്ഞു. ഈ മാസം 14 മുതൽ ഇന്നുവരെ എല്ലാദിവസവും വൈകീട്ട് അഞ്ച് മണി മുതൽ ആറ് മണിവരെയാണ് തൃശൂർ നസീർ കോഴിക്കോട് ബീച്ചിൽ ഒപ്പുശേഖരണ ക്യാമ്പയിൻ നടത്തിയത്. ആദ്യദിനത്തിൽ വ്യത്യസ്ത ഭാഷകളിലുള്ള പാട്ടുകൾ പാടിയും മിമിക്രി അവതരിപ്പിച്ചുമാണ് ആരംഭിച്ചത്. പ്രഥമദിനത്തിൽ ഭക്ഷണംപോലും കഴിക്കാതെയാണ് നസീർ ക്യാമ്പയിനിൽ മുഴുകിയത്. 58000ലധികം പേരാണ് ഒപ്പുശേഖരണത്തിൽ പങ്കാളിയായത്. ക്യാമ്പയിനിന്റെ ഭാഗമായി അടുത്തയാഴ്ച മലപ്പുറത്ത് പരിപാടി സംഘടിപ്പിക്കും. അവിടെനിന്നും ഒപ്പുശേഖരണം നടത്തി, തുടർന്ന് ബാംഗ്ലൂരിലെത്തും. അവിടേയും ഒപ്പുശേഖരണം നടത്തും. ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറുമായി ബന്ധപ്പെട്ടതായി തൃശൂർ നസീർ പറഞ്ഞു. ബാംഗ്ലൂരിൽ നിന്ന് ഡൽഹിയിലേക്ക് പോകും.



അവിടെ മാധ്യമപ്രവർത്തകരെ കണ്ടതിന് ശേഷം സുപ്രീംകോടതിക്ക് മുമ്പിൽ കിടപ്പ് സമരം നടത്തും. ഭീമഹർജി രാഷ്ട്രപതി, ചീഫ് ജസ്റ്റിസ്, ഇലക്ഷൻ കമ്മീഷൻ എന്നിവർക്ക് സമർപ്പിക്കും. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ജനാധിപത്യം കശാപ്പ് ചെയ്യുന്നുവെന്നാരോപിച്ചാണ് ദി പബ്ലിക് പ്രൊട്ടക്ഷൻ കൗൺസിൽ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറിയും ഗിന്നസ് ജേതാവുമായ തശൂർ നസീർ സമരം നടത്തുന്നത്. നിലമ്പൂർ നഞ്ചംകോട് റെയിൽവേ പാത, തെരുവ്നായ ശല്യം, മൈസൂർ രാത്രിയാത്ര, മയക്കുമരുന്ന് വിപത്ത് എന്നീ വിഷയങ്ങളിൽ ജനപക്ഷത്ത് നിന്ന് പോരാടിയിട്ടുള്ള പൊതുപ്രവർത്തകനാണ് തൃശൂർ നസീർ. 113 മണിക്കൂർ പാട്ടുപാടിയും 40 മണിക്കൂർ മിമിക്രി അവതരിപ്പിച്ചുമാണ് ഇദ്ദേഹം ഗിന്നസ് ബുക്കിൽ ഇടംനേടിയത്.




വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സിറ്റി മണ്ഡലം കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ജില്ലാ ജോയിന്റ് സെക്രട്ടറി അബ്ദുറഹ്മാൻ കല്ലായി

## ലഹരി നിർമാജന പദ്ധതികൾ ഫലപ്രദമാക്കണം: വിസ്ഡം

കോഴിക്കോട്: സംസ്ഥാനത്ത് ലഹരി കടുത്തും ഉപയോഗവും വർധിച്ചുവരുന്നത് ആശങ്കാജനകമാണന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സിറ്റി മണ്ഡലം കൗൺസിൽ അഭിപ്രായപ്പെട്ടു. ലഹരി നിർമാർജന പദ്ധതികൾ പ്രഖ്യാപനങ്ങൾക്കപ്പുറത്ത് കൂടുതൽ ഫലപ്രദമാക്കാൻ നടപടി വേണം. തൊഴിലിടങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് സമാധാനപൂർണമായ സാഹചര്യം ഒരുക്കാൻ സർക്കാർ പഴുതകളടച്ച ഇടപെടലുകൾ നടത്തണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. വിസ്ഡം ജില്ലാ ജോയിന്റ് സെക്രട്ടറി അബ്ദുറഹ്മാൻ കല്ലായി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എ.എം അബ്ദുസമദ് അധ്യക്ഷത വഹിച്ചു. ജില്ലാ ഭാരവാഹികളായ ബി.വി മുഹമ്മദ് അഷ്റഫ്, ഫൈസൽ മാങ്കാവ്, കെ.വി അബ്ദുൽ മജീദ്, കെ.വി മുഹമ്മദ് ശുഹൈബ് , പി.സി ജംസീർ എനിവർ സംസാരിച്ചു. സെക്രട്ടറി കെ.വി മുഹമ്മദ് സാബിർ സ്വാഗതവും പി.ബി.വി അബൂബക്കർ നന്ദിയും പറഞ്ഞു.

## ദോഹ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠനം പൂർത്തിയാക്കി മർകസ് വിദ്യാർഥി



ഉബൈദ് ഇസ്മാഈൽ

ദോഹ: ഉന്നത പഠനരംഗത്തെ ഖത്തറിലെ പ്രധാന സ്ഥാപനമായ ദോഹ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്രാജുവേറ്റ് സ്റ്റഡീസിൽ നിന്നും പഠനം പൂർത്തിയാക്കിയ ആദ്യ ഇന്ത്യക്കാരനായി മർകസ് പൂർവ്വ വിദ്യാർഥി ഉബൈദ് ഇസ്മാഈൽ. 2015ൽ സ്ഥാപിതമായ ദോഹ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദാനന്തര-ഗവേഷണ ബിരുദ രംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വതന്ത്ര സംവിധാനമാണ്. മാധ്യമ ഭാഷ അറബിയായതിനാൽ തന്നെ പ്രധാനമായും അറബ് രാജ്യങ്ങളിൽ നിന്നും അറബി മാതൃഭാഷയായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നത്.

സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ആന്റ് ഹ്യുമാനിറ്റീസിൽ നിന്നും ഭാഷാപഠനത്തിൽ ഡിസ്റ്റിങ്ഷനോടെ പി.ജി പഠനം പൂർത്തിയാക്കിയ ഉബൈദ് കഴിഞ്ഞദിവസം നടന്ന ബിരുദ ദാന ചടങ്ങിൽ ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ ജാസിം അൽതാനിയിൽ നിന്നും ബിരുദം സ്വീകരിച്ചു. മർകസിൽ നിന്നും 2012ൽ ഖുർആൻ മനഃപാഠമാക്കിയ ഉബൈദ് മർകസിലെ തന്നെ സാനവിയ്യയിൽ തുടർപഠനം നടത്തി. ശേഷം ഷാർജ ഭരണാധികാരി സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമിയുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന അൽ ഖാസിമിയ്യ യൂണിവേഴ്സിറ്റിയിൽ നിന്ന് കുല്ലിയ്യത്തുൽ ആദാബിൽ ബിരുദം നേടി. 2019ൽ ഷാർജയിൽ നടന്ന അന്താരാഷ്ട്ര ഹദീസ് പാരായണ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. വയനാട് ജില്ലയിലെ വെണ്ണിയോട് ഇസ്മാഈൽ -റംല ദമ്പതികളുടെ മകനാണ്.

# ഫാദർ മനോജിന്റെ ദീപ്ത സ്മരണകളിൽ സാംസ്കാരിക പ്രവർത്തകർ

തലശ്ശേരി: അകാലത്തിൽ പൊലിഞ്ഞുപോയ പ്രമുഖ ചിത്രകാരനും, മനുഷ്യസ്നേഹിയുമായ ഫാദർ മനോജിന്റെ ദീപ്ത സ്മരണകളിൽ തലശ്ശേരിയുടെ സാംസ്ക്കാരിക പ്രവർത്തകർ വിതുമ്പി. ഒരിക്കൽ വത്തിക്കാനിൽ പോവുമ്പോൾ ഫാദർ മനോജിന്റെ മണ്ണുകൊണ്ട് വരച്ച ചിത്രമാണ് മാർപാപ്പയ്ക്ക് കൊടുത്തത് മാർപാപ്പയ്ക്ക് ചിത്രം ഏറെ ഇഷ്ടമായി.

ഇനി വത്തിക്കാനിൽ പോകുമ്പോൾ എന്നെയും കൂട്ടണമെന്ന് മനോജ് അച്ഛൻ പറയുകയുണ്ടായി. ഇനി വത്തിക്കാനിൽ പോകുമ്പോൾ ഇനി മനോജ് അച്ഛൻ ഉണ്ടാവില്ല. മണ്ണിന് ഒറ്റനിറമല്ലേ ഉള്ളൂ എന്ന് ഞാൻ ഒരിക്കൽ ചോദിക്കുകയുണ്ടായി, മനോജ് പറഞ്ഞു മണ്ണിൽ നിന്നാണ് എല്ലാ നിറങ്ങളും ഉണ്ടായത്. ഫാദർ മനോജ് ഒറ്റപ്ലാക്കലിന്റെ അനുസ്മരണ പ്രഭാഷണത്തിൽ സസാരിക്കുകയായിരുന്നു മാർ ജോസഫ് പാംപ്ലാനി. നിയമസഭാസ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. കെ.പി.മോഹനൻ എം.എൽ.എ അധ്യക്ഷത വഹിച്ചു.

മുനിസിപ്പൽ ചെയർപേഴ്സൺ ജമുനാ റാണി വിശിഷ്ടാതിഥി ആയിരുന്നു. എൻ. ഹരിദാസ്, ഫാ. ജോ മാളക്കാരൻ, സിസ്റ്റർ പ്രിൻസി ആന്റണി, പി. ജനാർദ്ദനൻ, കെ.സുരേശൻ, പ്രൊഫ. എ.പി സുബൈർ, പ്രൊഫ. എസ്. ഗ്രിഗറി, കെ.ഇ സുലോചന എന്നിവർ സംസാരിച്ചു. സെൽവൻ മേലൂർ സ്വാഗതവും കെ.സുരേന്ദ്രൻ നന്ദിയും പറഞ്ഞു.




ഫാദർ മനോജ് ഒറ്റപ്ലാക്കലിന്റെ അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന സ്പീക്കർ എ.എൻ ഷംസീർ



കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന മഴക്കാല മുന്നൊരുക്ക യോഗത്തിൽ ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് സംസാരിക്കുന്നു

## 'മധുമാസ്റ്റർ സ്മാരക നാടക അവാർഡ്' വാസുവിന്



കോഴിക്കോട്: കൾച്ചറൽ ഫോറം കേരള ഏർപ്പെടുത്തിയ മധുമാസ്റ്റർ സ്മാരക നാടക അവാർഡിന് വാസുവിനെ (വാസു, വാസുദേവൻ, കെ.വിദേവ്) തിരഞ്ഞെടുത്തതായി ജൂറി ചെയർമാൻ പ്രേംചന്ദ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. 10000 രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന അവാർഡ് ജൂലൈ 21ന് ടൗൺഹാളിൽ നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ വച്ച് കെ.ജി ശങ്കരപ്പിള്ള സമ്മാനിക്കും. നാടകങ്ങളുടെ അവതരണം, സംഗീത സായാഹ്നം എന്നിവയും ഇതോടൊപ്പം നടക്കും. വേണുഗോപാലൻ കുനിയിൽ, കബനി, ഡോ.കെ.എൻ അജോയ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## മുയൽ വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു

പാലക്കാട്: മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മുയൽ വളർത്തൽ എന്ന വിഷയത്തിൽ ജൂൺ രണ്ടിന് ചൊവ്വാഴ്ച മൃഗ സംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713 എന്ന മൊബൈൽ നമ്പറിലോ 0491 2815454 എന്ന നമ്പറിലോ വിളിച്ചു മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ട് വരേണ്ടതാണ്.



മഹല്ല് എംപവർമെന്റ് പ്രോജക്ടിന് കീഴിൽ മർകസ് നോളജ് സിറ്റിയിൽ സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ക്ലാസിൽ നിന്ന്

## കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു

നോളജ് സിറ്റി: മഹല്ല് എംപവർമെന്റ് പ്രോജക്ടിന് കീഴിൽ മർകസ് നോളജ് സിറ്റിയിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു.

നോളജ് സിറ്റിയുടെ പരിസര മഹല്ലുകളിൽ താമസിക്കുന്ന എസ്.എസ്.എൽ.സി, പ്ലസ് ടൂ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് വേണ്ടിയാണ് കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചത്.

കരിയർ വിദഗ്ധൻ ഡോ. നാസർ കുന്നുമ്മൽ ക്ലാസിന് നേതൃത്വം നൽകി. നോളജ് സിറ്റി സി.ഒ.ഒ ഡോ. നിസാം ഉദ്ഘാടനം നിർവഹിച്ചു. സി.എഫ്.ഒ യൂസുഫ് നൂറാനി അധ്യക്ഷത വഹിച്ചു. മുഹമ്മദ് ഖലീൽ അസ്ഹരി സ്വാഗതവും സൈനുൽ ആബിദ് സഖാഫി നന്ദിയും പറഞ്ഞു.

# സഹകരണമേഖല പാൽക്കമ്പനികൾ ജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം’



കെ.എസ് മണി

പോഷകാഹാരം എന്ന നിലയിലാണ് പാലും പാലുൽപ്പന്നങ്ങളും നാം നിത്യ ജീവിതത്തിൽ ഉപയോഗിച്ചുവരുന്നത്. ഭാവി തലമുറയുടെ പോഷണത്തിനായി ഇവ വേണ്ട രീതിയിൽ ഉപയോഗിക്കണമെന്ന കരുതൽ നാമെല്ലാം പുലർത്തിപ്പോരുന്നുണ്ട്. പാലിന്റെ ഗുണങ്ങളെ കുറിച്ച് അവബോധം വളർത്തുന്നതിനും കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമുള്ള പ്രാധാന്യം ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ് ലോക ക്ഷീരദിനം ആചരിച്ചു വരുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ ആണ് ഈ ദിനം ആചരിക്കുന്നത്. ക്ഷീരമേഖലയുടെ പ്രാധാന്യമനുസരിച്ചുള്ള പ്രമേയമാണ് വർഷം തോറും ക്ഷീരദിനത്തിൽ സ്വീകരിച്ചുവരുന്നത്. ‘സുസ്ഥിര ക്ഷീര വ്യവസായം ഭൂമിക്കും മനുഷ്യനും ഗുണകരം ’ എന്നതാണ് ജൂൺ ഒന്നിന് ആചരിക്കുന്ന ക്ഷീരദിനത്തിന്റെ പ്രമേയം. അതായത് ക്ഷീരവ്യവസായം കൊണ്ട് പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതങ്ങൾ എങ്ങനെ കുറയ്ക്കാം എന്നതാണ് ഉദ്ദേശിക്കുന്നത്. ക്ഷീര വ്യവസായ പ്രക്രിയയിലൂടെ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന മീതെയ്ൻ വാതകത്തിന്റെ അളവ് എങ്ങനെ കുറയ്ക്കാം എന്നത് ക്ഷീര മേഖല അന്താരാഷ്ട്രീതലത്തിൽ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന വലിയ വെല്ലുവിളിയാണ്.

ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പല മാനദണ്ഡങ്ങളും അന്താരാഷ്ട്രതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പാൽക്കറവയടക്കമുള്ള കാര്യങ്ങൾ ജീവിതോപാധിയായ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് ഇത്തരത്തിലുള്ള അന്താരാഷ്ട്ര മാനദണ്ഡങ്ങൾ എത്രകണ്ട് പാലിക്കാനാകുമെന്ന് ചിന്തിക്കേണ്ട വിഷയമാണ്. മൂന്നാം ലോക രാജ്യങ്ങളിലെ കുട്ടികളിലെ പോഷകാഹരക്കുറവ് പരിഹരിക്കുന്നതിൽ പാലും പാലുൽപ്പന്നങ്ങളും വഹിക്കുന്ന പങ്ക് വിസ്മരിക്കാനാകില്ല. ഈ സാഹചര്യത്തിൽ വികസിത രാജ്യങ്ങളിലെ വരേണ്യ വർഗ്ഗം പാലിനും പാലുൽപ്പന്നങ്ങൾക്കും എതിരായി നടത്തുന്ന പ്രചാരണത്തെ ദൗർഭാഗ്യകരമെന്ന് മാത്രമേ വിശേഷിപ്പിക്കാനാകൂ. സോയമിൽക്ക് പോലുള്ള ഉൽപ്പന്നങ്ങൾ സമാന്തര ഗുണങ്ങളുള്ളതാണെന്ന പ്രചാരണവും ഇതിനു സമാന്തരമായി നടക്കുന്നുണ്ട്. ക്ഷീര വ്യവസായത്തിന് ബദലായി ഉയർന്നുവരുന്ന ഈ ലോബിയുടെ പ്രവർത്തനങ്ങൾ നമുക്ക് അവഗണിക്കാനാവില്ല. രാജ്യത്തെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം പാലുൽപ്പാദനം ഗാർഹികവൃത്തി കൂടിയാണ്. ആയിരകണക്കിന് വർഷങ്ങളായി പ്രകൃതിയുമായി ഇണങ്ങി ചേരുന്ന ഈ ആവാസവ്യവസ്ഥയിലൂടെ പരിസ്ഥിതി മലിനീകരണം ഉണ്ടാകുമെന്ന വാദം ഉയർത്തിപ്പിടിക്കുന്നതിനെ നാം അവജ്ഞയോടെ തള്ളിക്കളയേണ്ടതാണ്. ക്ഷീരമേഖലയിൽ രാജ്യാന്തര തലത്തിൽ തന്നെ ഉണ്ടാകുന്ന ഈ വെല്ലുവിളികളോടൊപ്പം ആഭ്യന്തരമായി ഉയർന്നുവരുന്ന ചില പ്രശ്നങ്ങൾ കൂടി ഈയവസരത്തിൽ പരിശോധിക്കേണ്ടതുണ്ട്. രാജ്യത്തുടനീളം ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പാലിന്റെ ഗുണമേന്മ നിലനിർത്തുക എന്നതാണ്. രാജ്യത്തെ ഏറ്റവും ഗുണമേന്മയുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നത് മലബാർ ക്ഷീര സഹകരണ സംഘം ആണെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം മിൽമയ്ക്ക് ഏറെ അഭിമാനകരമായ നേട്ടമാണ് സമ്മാനിച്ചത്.

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന അളവിൽ പാലുൽപ്പാദനം ഉണ്ടാവുകയും അതോടൊപ്പം പാലിന്റെ ഗുണമേന്മ നിലനിർത്തുകയും ചെയ്യുന്നത് പത്ത് ലക്ഷത്തിലേറെ വരുന്ന ക്ഷീരകർഷകരുടെ പ്രസ്ഥാനമായ മിൽമ പോലുള്ള ഒരു സഹകരണമേഖല സ്ഥാപനത്തിന്റെ പ്രാഥമിക കർത്തവ്യമാണ്. രാജ്യത്തെ ഏറ്റവുമധികം പൽ വിറ്റുവരവ് ലഭിക്കുന്നതിന്റെ പിൻബലത്തിൽ നടപ്പു വർഷത്തിൽ ഉൽപ്പാദനം 15 ശതമാനമെങ്കിലും കൂട്ടാൻ സാധിച്ചാൽ സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്ന് തന്നെയാണ് വിശ്വാസം. ഈ നേട്ടം കൈവരിക്കേണ്ടത് ക്ഷീര കർഷകരുടെ കൂട്ടായ ഉത്തരവാദിത്വമാണെന്നും കരുതുന്നു. രാജ്യത്ത് ധവളവിപ്ലവ കാലത്ത് വളരെ സുചിന്തിതമായി എടുത്ത തീരുമാനമാണ് എല്ലാ സംസ്ഥാനങ്ങളിലും ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ടാവുകയെന്നത്.

സംസ്ഥാനങ്ങളിലെ പാലുൽപ്പാദനം വർധിപ്പിക്കുക, ഈ വ്യവസായത്തെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക ഇവയുടെ ആത്യന്തിക ലക്ഷ്യമായി പോഷകാഹരക്കുറവ് പരിഹരിക്കുക എന്നിവയാണ് ഈ തീരുമാനത്തിന് പിന്നിലുണ്ടായിരുന്നത്. ഗുജറാത്തിലെ അമുലിന്റെ ഇതിഹാസ തുല്യമായ വളർച്ച മറ്റുസംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ സംഘങ്ങളും മാതൃകയാക്കി. അതത് സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിലാണ് ഓരോ ക്ഷീരസഹകരണ സംഘവും കെട്ടിപ്പടുത്തത്. മിൽമയാകട്ടെ ക്ഷീര കർഷകർക്കാണ് എക്കാലവും പ്രാഥമിക പരിഗണന നൽകിയത്. സമീപകാലത്ത് കൂട്ടിയ പാൽ വിലയുടെ സിംഹഭാഗവും ക്ഷീരകർഷകർക്ക് നൽകിക്കൊണ്ടാണ് മിൽമ ഇക്കാര്യത്തിൽ തങ്ങളുടെ പ്രതിബദ്ധത പ്രകടിപ്പിച്ചത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വർധിച്ച ഉൽപ്പാദന ചെലവ് കൂടി കണക്കിലെടുത്തായിരുന്നു മിൽമയുടെ ഈ തീരുമാനം.

എന്നാൽ, അന്യസംസ്ഥാന ക്ഷീര ബ്രാൻഡുകൾ പാലിന്റെ ചില്ലറ വിൽപ്പനയിലേക്ക് കടന്നുവരുന്നത് നാട്ടിലെ ക്ഷീരകർഷകർ ആശങ്കയോടെയാണ് കാണുന്നത്. അയൽ സംസ്ഥാന ക്ഷീര ബ്രാൻഡുകൾക്ക് മിൽമയേക്കാൾ വില കുറവാണെന്ന് അസത്യപ്രചാരണം ഇവരും ചില നിക്ഷിപ്ത താൽപര്യക്കാരും അഴിച്ചുവിടുകയും ചെയ്യുന്നുണ്ട്.

ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ സ്വഭാവത്തിലേക്കും രൂപത്തിലേക്കും രാജ്യത്തെ ചില ക്ഷീരസഹകരണ സംഘങ്ങൾ നേതൃത്വം നൽകുന്ന വ്യവസായങ്ങൾ വിവിധ സംസ്ഥാനങ്ങളിലെ ക്ഷീരകർഷകരുടെ സഹകരണസംഘങ്ങൾക്ക് ദോഷകരമാകുന്നത് അപകടകരമായ അവസ്ഥയിലേക്കാണ് എത്തിക്കുന്നത്. ഇത്തരം അനഭിലഷണീയമായ പ്രവർത്തനങ്ങൾ കോ-ഓപറേറ്റീവ് ഫെഡറലിസത്തിന് തന്നെ ഭീഷണിയായി മാറിയിരിക്കുകയാണ്. ഇതിന്റെ ഗൗരവം എൻ.ഡി.ഡി.ബിയെ ബോധ്യപ്പെടുത്തിയതിനാൽ ഈ വിഷയത്തിൽ സംസ്ഥാനങ്ങളുടെ യോഗം വിളിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. മിൽമയടക്കമുള്ള സംസ്ഥാന ഫെഡറേഷനുകൾ ഏറെ പ്രതീക്ഷയോടെ വീക്ഷിക്കുന്ന യോഗമായിരിക്കും ഇത്.

സഹകരണമൂല്യങ്ങൾ മുറുകെപ്പിടിച്ച് ഇന്നത്തെ മത്സരാധിഷ്ഠിത വിപണിയിൽ സ്വകാര്യ, സഹകണ ഭീമന്മാരെ നേരിടാനുള്ള നൂതന വിപണനതന്ത്രങ്ങൾ നടപ്പാക്കി മുന്നേറേണ്ടതുണ്ട്. സർവമേഖലയും നിശ്ചലമായ കൊവിഡ് കാലത്ത് വരുമാന നഷ്ടമില്ലാതെ സാധാരണ വരുമാനം ഉറപ്പാക്കി ക്ഷീര കർഷകരെ സഹായിക്കാൻ മിൽമ നടത്തിയ പ്രവർത്തനം അഭിനന്ദനാർഹമാണ്.

ക്ഷീരകർഷകരെ ചേർത്ത് നിർത്തിക്കൊണ്ട് ഗുണമേന്മയും വൈവിധ്യമുള്ളതുമായ പാലും പാലുൽപ്പന്നങ്ങളുടെ ഉൽപ്പാദിപ്പിച്ച് മലയാളിയുടെ മനസ്സിൽ ഇടം പിടിച്ച ബ്രാൻഡ് ആണ് മിൽമ. മുഖ്യമന്ത്രി ഈയിടെ ഉദ്ഘാടനം ചെയ്ത ’ റീ പൊസിഷനിങ് മിൽമ’ യിലൂടെ ഏകീകൃത ഗുണം, വില, പാക്കിങ് എന്നിവയിലൂടെ മികച്ച ബ്രാൻഡായി മിൽമ വിപണിയിലേക്ക് എത്തുകയാണ്. മലയാളിയുടെ ഗൃഹാതുരത്വം കണക്കിലെടുത്ത് വിദേശങ്ങളിലേക്കുള്ള കയറ്റുമതി വർധിപ്പിക്കാനുള്ള പദ്ധതിയും നിലവിലുണ്ട്. എവിടെ മലയാളിയുണ്ടോ അവിടെ മിൽമയുണ്ടാകണം എന്നതാണ് ഇക്കാര്യത്തിൽ ഫെഡറേഷൻ കൂട്ടായി എടുത്ത തീരുമാനം.വിപണനത്തിലും വിതരണത്തിലും എന്ന പോലെ സംസ്ഥാനത്തെ ക്ഷീര മേഖല മറ്റ് മേഖലകളിലും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. പശുക്കളിലെ ചർമമുഴ, കാലാവസ്ഥാ വ്യതിയാനം, വർധിച്ചുവരുന്ന ഉൽപ്പാദനച്ചെലവ്, വിലക്കയറ്റം എന്നിവയും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. സമ്പൂർണ ഉപഭോക്തൃ സംസ്ഥാനമായതിനാൽ കാലിത്തീറ്റയ്ക്കുള്ള അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്തിന് പുറത്തുനിന്ന് വലിയ വില നൽകിയാണ് എത്തിക്കുന്നത്. വെല്ലുവിളികളുണ്ടെങ്കിലും ശോഭനമായ ഭാവിയാണ് സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്കുള്ളത്. പാൽ ഉൽപ്പാദനക്ഷമതയിൽ രാജ്യത്ത് രണ്ടാം സ്ഥാനത്താണ് കേരളം നിൽക്കുന്നത്.

2020-21 വർഷത്തെ രാജ്യത്തെ ഏറ്റവും നല്ല ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലുള്ള ‘ഗോപാൽരത്ന പുരസ്കാരം’ രണ്ടാം സ്ഥാനവും 2021-22 വർഷത്തിലെ ഒന്നാം സ്ഥാനവും വയനാട്ടിലെ രണ്ട് സംഘങ്ങൾ കരസ്ഥമാക്കി. ഇത് കേരളത്തെ സംബന്ധിച്ച് ക്ഷീരമേഖലയിലെ അഭിമാനർഹമായ നേട്ടമാണ്.

ക്ഷീര കർഷകർക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിൽ ഈ വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകാനാണ് ഫെഡറേഷന്റെ ശ്രമം. മെച്ചപ്പെട്ട സേവനങ്ങൾ, മികച്ച വിതരണ ശൃംഖല എന്നിവ ഇതിനോടൊപ്പം ശക്തിപ്പെടുത്തേണ്ടതുണ്ട്. ക്ഷീരോൽപ്പാദന മേഖലയ്ക്ക് അവസരങ്ങളുണ്ട്. അതേസമയം വെല്ലുവിളികളും നേരിടേണ്ടിവരുന്നു. അവസരങ്ങൾ ഉപയോഗിക്കാനും വെല്ലുവിളികളെ ശക്തമായി നേരിടാനും സംസ്ഥാന സർക്കാർ, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീരകർഷകർ എന്നിവരുടെ കൂട്ടായ പിന്തുണ ആവശ്യമാണ്.



മണിപ്പൂരിലെ ദുരിതാശ്വാസ ക്യാമ്പിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സന്ദർശനം നടത്തിയപ്പോൾ

## മണിപ്പൂർ കലാപം: കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ, ജുഡീഷ്വൽ അന്വേഷണം പ്രഖ്യാപിച്ച് അമിത് ഷാ

ന്യൂഡൽഹി: മണിപ്പൂർ കലാപത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ സഹായധനവും കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലിയും പ്രഖ്യാപിച്ചു. കലാപകാരികളോട് ആയുധം ഉടൻ താഴെവയ്ക്കാനും അമിത് ഷാ നിർദേശിച്ചു. ഇതിനിടെ മുഖ്യമന്ത്രി ബിരേൻ സിംഗിനെ അടിയന്തരമായി മാറ്റണമെന്ന് കുകി വിഭാഗത്തിൽ നിന്നുള്ള എം.എൽ.എമാർ അമിത്ഷായോട് ആവശ്യപ്പെട്ടു.80 പേരുടെ മരണത്തിനിടയാക്കിയ കലാപത്തെ കുറിച്ച് വിരമിച്ച ഹൈക്കോടതി ജഡ്ജിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടക്കും. ആറ് കേസുകൾ സി.ബി.ഐയും അന്വേഷിക്കും. സമാധാന ശ്രമങ്ങൾക്ക് ഗവർണറുടെ മേൽനോട്ടത്തിൽ സമിതി, കലാപമേഖലകളിലെ സാഹചര്യം വിലയിരുത്താനും ഇടപെടലിനുമായി ആഭ്യന്തരമന്ത്രാലയ സംഘം ക്യാമ്പ് ചെയ്യും. ഭക്ഷ്യക്ഷാമവും വിലക്കയറ്റവും പിടിച്ച് നിർത്താൻ അവശ്യസാധനങ്ങൾ കേന്ദ്ര സർക്കാർ എത്തിക്കുമെന്നും മണിപ്പൂരിൽ മൂന്ന് ദിവസം ക്യാമ്പ് ചെയ്ത അമിത് ഷാ വ്യക്തമാക്കി. മെയ്തി-കുകി വിഭാഗങ്ങളെ നേരിട്ട് കണ്ട് സമാധാനം നിലനിർത്തണമെന്ന് അമിത് ഷാ അഭ്യർത്ഥിച്ചു. കലാപം തടഞ്ഞില്ലെങ്കിൽ മെഡലുകൾ തിരിച്ച് നൽകുമെന്ന് മുന്നറിയിപ്പ് നൽകിയ ഒളിമ്പിക്സ് താരം മീര ബായ് ചാനു അടക്കം 11 കായിക താരങ്ങളെ പിന്തിരിപ്പിക്കാനും കേന്ദ്രം ശ്രമിക്കുകയാണ്. അതേ സമയം തീവ്രവാദികളായി മുദ്രകുത്തി വെടിവച്ച് കൊല്ലാൻ നിർദേശം നൽകിയെന്ന പരാതിയുമാണ് മുഖ്യമന്ത്രി ബിരേൻ സിംഗിനെ എത്രയും വേഗം മാറ്റണമെന്ന് കുകി വിഭാഗത്തിൽ നിന്നുള്ള എം.എൽ.എമാർ അമിത് ഷായോടാവശ്യപ്പെട്ടത്.


“ സമാനതകളില്ലാതെ മുന്നേറുന്ന പൊതുവിദ്യാഭ്യാസരംഗം ”



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

അറിവിന്റെ വിശാലമായ പ്രപഞ്ചത്തിലേയ്ക്കുള്ള വാതിലുകൾ തുറന്നു വെച്ച് നമ്മുടെ പൊതുവിദ്യാലയങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുകയാണ്. നിറഞ്ഞ സന്തോഷത്തോടെയും ഉത്സാഹത്തോടെയും വിദ്യാഭ്യാസജീവിതത്തിനു തുടക്കം കുറിക്കാൻ നിങ്ങൾക്കോരോരുത്തർക്കും സാധിക്കട്ടെ.

നാടിന്റെ നാളെകൾ നിങ്ങളാണ്. ഭാവിയുടെ വാഗ്ദാനങ്ങളായി നിങ്ങളെ വാർത്തെടുക്കാനാണ് വിദ്യാലയങ്ങൾ ഒരുങ്ങുന്നത്. പുസ്തകങ്ങളും കളികളും പാട്ടുകളും കഥകളുമായി പഠനം പാൽപ്പായസം പോലെ ആസ്വദിക്കാൻ നിങ്ങൾക്കു കഴിയണം.

നന്മയുടെ വിളനിലമായി മനുഷ്യനെ മാറ്റുന്ന മഹത്തായ പ്രവർത്തനമാണ് വിദ്യാഭ്യാസം. മറ്റുള്ളവരെ സ്നേഹിക്കാനും സഹായിക്കാനും കഴിവും സന്നദ്ധതയുമുള്ളവരായാണ് ഓരോരുത്തരും വളരേണ്ടത്. അതിനുള്ള ഇടങ്ങളായാണ് നിങ്ങളുടെ അധ്യാപകരും സർക്കാരും വിദ്യാലയങ്ങളെ മാറ്റിയെടുക്കുന്നത്.

ഒരു പൂവിലെ ഇതളുകൾ പോലെ കൂട്ടുകാർക്കൊപ്പം വളരുക. മനുഷ്യരെ പലതട്ടുകളിലാക്കുന്ന കാഴ്ചപ്പാടുകളെ മറികടന്ന് സഹപാഠികളെ ഹൃദയത്തോടു ചേർത്തു നിർത്തുക. അധ്യാപകരേയും രക്ഷിതാക്കളേയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ചോദ്യങ്ങൾ ചോദിച്ചും ഉത്തരങ്ങൾ കണ്ടെത്തിയും മുന്നോട്ടു പോവുക. കേരളം നിങ്ങളിലൂടെ തിളങ്ങട്ടെ. നിങ്ങളുടെ സ്കൂൾ പ്രവേശനം അക്ഷരാർത്ഥത്തിൽ ഉത്സവമായി മാറട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

നിങ്ങളുടെ സ്വന്തം
പിണറായി വിജയൻ
മുഖ്യമന്ത്രി

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ പുത്തൻ അധ്യായങ്ങൾ എഴുതിച്ചേർത്ത് കേരള സർക്കാർ

- പാഠപുസ്തക വിതരണം പൂർത്തീകരിച്ചു എല്ലാ അധ്യാപകർക്കും പരിശീലനം ഉറപ്പാക്കി
- കുട്ടികൾക്ക് സൗജന്യ യൂണിഫോം
- സാമൂഹികപങ്കാളിത്തത്തോടെ വിദ്യാലയവികസനപരിപാടികൾ പൂർത്തീകരണത്തിലേക്ക്
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം.
- ഹരിതവിദ്യാലയം ശുചിത്വവിദ്യാലയം, ലഹരിമുക്ത കേരളം തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും പൊതുസമൂഹവും ഒത്തൊരുമയോടെ നടത്തുന്ന പ്രവർത്തനം

സ്കൂൾ പ്രവേശനോത്സവം 2023 ജൂൺ 1 രാവിലെ 10

തിരുവനന്തപുരം മലയിൻകീഴ് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ

സംസ്ഥാനതല ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി

അധ്യക്ഷൻ
വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പു മന്ത്രി

മന്ത്രിമാരായ അഡ്വ. ആന്റണി രാജു, അഡ്വ. ജി. ആർ. അനിൽ, പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ മറ്റ് ജനപ്രതിനിധികൾ പങ്കെടുക്കും

കൈകൾ കോർത്ത് കരുത്തോടെ 2-ാം പിണറായി സർക്കാർ വാർഷികം
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ
എന്റെ കേരളം എന്റെ അഭിമാനം
STAY SAFE ONLINE
G20 भारत 2023 INDIA वसुधैव कुटुम्बकम् ONE EARTH • ONE FAMILY • ONE FUTURE

Contact with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.